TVM സെക്സ്
മലയാള മനോരമ
ജനുവരി 24 ഞായർ

അവിടെ കൂടിയാട്ടം, ഇവിടെ പിഎസ്സി പരീക്ഷ

ഹൈസ്കൂൾ വിഭാഗം പരിചമുട്ടുകളി നടക്കുന്ന ഗവ. വിമൻസ് കോളജിൽ പിഎസ്സി പരീക്ഷയ്ക്കായി എത്തിയവർക്കു സമീപം പരിചമുട്ടുകളി കലാകാരന്മാർ.

തിരുവനന്തപുരം ● പിഎസ്സി പരീക്ഷയ്ക്കു വേണ്ടി കൂടിയാട്ടമൽസരം നിർത്തിവച്ചതു കുട്ടികളെ ബുദ്ധിമുട്ടിലാക്കി. വേഷമിട്ടു മണിക്കൂറുകളോളം കാത്തിരിക്കേണ്ടിവന്നത് അവരെ തളർത്തി. കൂടിയാട്ട മൽസരം കോട്ടൺഹിൽ സ്കൂളിൽ ഇന്നലെ രാവിലെ ഒൻപതിനു തുടങ്ങുമെന്നാണ് അറിയിച്ചിരുന്നത്.

ഇത് അര മണിക്കൂർ വൈകി തുടങ്ങുകയും ചെയ്തു. പിന്നീട് ഉച്ചയായതോടെ പിഎസ്സി പരീക്ഷ നടക്കുകയാണെന്നും രണ്ടര മണിക്കൂർ ഇടവേളയ്ക്കു ശേഷമേ മൽസരം തുടരുകയുള്ളുവെന്നും അറിയിപ്പെത്തി. രാവിലെ തന്നെ വേഷമിട്ടു നിന്ന വിദ്യാർഥികൾ ഇതോടെ എന്തു ചെയ്യണമെന്നറിയാതെ വിഷമത്തിലായി.

പരാതികൾ സംഘാടകരുടെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും തങ്ങൾക്കൊന്നും ചെയ്യാനാവില്ലെന്നും പറഞ്ഞ് അവർ കൈമലർത്തി. പിഎസ്സി പരീക്ഷയുടെ കാര്യം സംഘാടകർക്ക് അറിവുള്ളതല്ലേ, പിന്നെ എന്തിനാണ് ഇത്തരം ഒരു വേദി തിരഞ്ഞെടുത്തതെന്നായിരക്ഷിതാക്കൾ. സ്കൂൾ അധികൃതരാണ് പറ്റിച്ചതെന്നു സംഘാടകർ. ഇക്കാര്യം ഇന്നലെ വൈകിട്ടെങ്കിലും അറിയിച്ചിരുന്നുവെങ്കിൽ വേദി മാറ്റിവയ്ക്കുമായിരുന്നുവെന്നും സംഘാടകർ കൈകഴുകിയതോടെ രക്ഷിതാക്കൾ സ്കൂൾ അധികൃതർക്കു നേരെ പിറുപിറുത്തു. ഒടുവിൽ രണ്ടര മണിക്കൂർ വൈകി മൽസരങ്ങൾ നടത്തി.

സംസ്ഥാന സ്കൂൾ കലോൽസവത്തിൽ ഹയർ സെക്കൻഡറി വിഭാഗം കുച്ചിപ്പുടിയിൽ എ ഗ്രേഡ് നേടിയ നെടുമങ്ങാട് ദർശന എച്ച്എസ്എസിലെ എം.ആർ. അനഘ കൃഷ്ണൻ.

കാഞ്ചനയും കാഞ്ചനമാലയും മുതൽ താടകയും ഹിഡിംബിയും വരെ

തിരുവനന്തപുരം ● ബലൂണുകൾ പാറിക്കളിക്കുന്ന സൈക്കിൾ ചവിട്ടി കസ്തൂരി വേദിയിലെത്തിയപ്പോഴേ കയ്യടി... കൂളിങ് ഗ്ലാസ്, രണ്ടുവശത്തും പിന്നിയിട്ട മുടി, വർണപ്പാവാട... കസ്തൂരി അഴകിൻ ചിങ്കാരി എന്ന സൂപ്പർ ഹിറ്റ് പാട്ട്... നാടോടി നൃത്ത വേദിയിൽ സൈക്കിൾ യജ്ഞക്കാരി നാടോടിയായി എത്തി മനംകവർന്നത് ഒലവക്കോട് സെന്റ് തോമസ് എച്ച് എസ്എസിലെ എസ്. അരുണിമ. കണ്ണീർക്കഥകളുടെ ഇടയിൽ കളിയും തമാശയും ഡപ്പാംകുത്തുമായി കസ്തൂരി ചിരിച്ചു നിന്നു.

ഹയർ സെക്കൻഡറി വിഭാഗം കുച്ചിപ്പുടിയിൽ എ ഗ്രേഡ് നേടിയ തിരുവനന്തപുരം വെങ്ങാനൂർ ജിഎച്ച്എസ്എസിലെ ജെ.എസ്. സാന്ദ്ര.

വരികൾക്കിടയിൽ പറഞ്ഞുവച്ച കഥയ്ക്കു ഗൗരവമുണ്ട്- വേഷം മാറിയെത്തി തീവ്രവാദപ്രവർത്തനം നടത്തുന്നയാളെ കയ്യോടെ കണ്ടെത്തി പൊലീസിനു പിടിച്ചു കൊടുക്കുന്ന മിടുക്കിപ്പെണ്ണിന്റെ കഥ. ഇതിനിടയിൽ നാടോടികളുടെ സങ്കടങ്ങളും അവൾ പാടിപ്പറഞ്ഞു.

ഇരുവഴഞ്ഞിപ്പുഴയുടെ നായിക കാഞ്ചനമാലയും ഓമനപ്പുഴക്കടപ്പുറത്തു പെണ്ണായി വളർന്ന നായകനും മകനെ സന്യാസത്തിന് അയയ്ക്കേണ്ടി വന്ന അമ്മയും അച്ഛനമ്മമാരെ കൊലപ്പെടുത്തിയ മുതലാളിയെയും മക്കളെയും പ്രേമം നടിച്ചു കാലപുരിക്കയച്ച പെൺകുട്ടിയും സിനിമകളിൽ നിന്നു വേദിയിലേക്കിറങ്ങി. അടിമവംശം, യക്ഷിയമ്മ, പൂമാത, അടിയാളർ-മേലാളർ പ്രശ്നം, കാടിന്റെ മക്കൾ, പൊട്ടൻതെയ്യം, കുറത്തി... തുടങ്ങി പതിവു കഥകളായിരുന്നു ഭൂരിഭാഗവും.

ഭീകരവാദവും വീരപ്പനു ശേഷം കാട് കാത്ത കാഞ്ചനയും ശരണാലയത്തിലെ കണ്ണീരും മകൻ മരിച്ചു കിടക്കുമ്പോഴും വേദിയിലെത്തേണ്ടിവരുന്ന നാടകകലാകാരിയും ഹിഡിംബിയും താടകയും ജ്ഞാനപ്പാനയും വേറിട്ടു നിന്നു.

വടി, അമ്പ്, വില്ല്, അരിവാൾ, ഓല, മുറം, കലം, അടുപ്പ്, മണ്ണെണ്ണവിളക്ക്, മയിൽപ്പീലി, പുളി എന്തിന്, തുളസിത്തറയും ഓലക്കുടയും വരെ നാടോടിനൃത്തക്കാരികൾക്കൊപ്പം വേദിയിലെത്തി.

ഹയർസെക്കൻഡറി വിഭാഗം കാവ്യകേളിയിൽ എ ഗ്രേഡ് നേടിയ കെ.എസ്. കൃഷ്ണപ്രിയ, ആനാട് എസ്എൻവി എച്ച്എസ്എസ്.

ഹൈസ്കൂൾ വിഭാഗം തബലയിൽ എഗ്രേഡ് നേടിയ ആരോമൽ മുരളി, തിരുമല എഎംഎച്ച്എസ്എസ്.

സംസ്കൃത പദ്യത്തിൽ ഒന്നാംസ്ഥാനത്തോടെ എ ഗ്രേഡ് നേടിയ ബി.ആർ. ഗൗരി നന്ദന, പള്ളിക്കൽ ഗവ. എച്ച്എസ്എസ്.

വെള്ളിവെളിച്ചത്തിൽ നിന്ന് കളിവിളക്കിനു മുന്നിൽ ദേവു

തിരുവനന്തപുരം ● സിനിമയുടെയും സീരിയലുകളുടെയും വെള്ളിവെളിച്ചത്തിൽ നിന്നു സംസ്ഥാന കലോൽസവത്തിലെ കഥകളിവിളക്കിനു മുന്നിലേയ്ക്ക് ദേവു കൃഷ്ണ. ചിട്ടപ്രകാരമുള്ള ആട്ടത്തിലൂടെ സദസിന്റെ മനം കവരുകയും ചെയ്തു ദേവു കൃഷ്ണ. റോമൻസ്, യുഗപുരുഷൻ തുടങ്ങിയ സിനിമകളിലും 28 സീരിയലുകളിലും അഭിനയിച്ചിട്ടുണ്ട് കാർമൽ സ്കൂളിലെ പ്ലസ് വൺ വിദ്യാർഥിനിയായ ദേവു. കഴിഞ്ഞവർഷം മുതലാണ് കഥകളിപഠനം തുടങ്ങിയത്. പ്രശസ്ത കഥകളി നടൻ കലാമണ്ഡലം കൃഷ്ണപ്രസാദ് ആണ് ഗുരു. അച്ഛൻ ജയകൃഷ്ണൻ. അമ്മ ബിനി മഴവിൽ മനോരമയിലെ 'സുന്ദരി' എന്ന സീരിയലിന്റെ നിർമാതാവാണ്.

ദേവു കൃഷ്ണൻ

ഹൈസ്കൂൾ വിഭാഗം സംസ്കൃതം പാഠകത്തിൽ എ ഗ്രേഡ് നേടിയ കരിക്കകം പിജിഎംജിഎച്ച്എസ്എസിലെ എസ്. സരസ്വതിദേവി

ഹയർസെക്കൻഡറി വിഭാഗം അറബിക് പ്രശ്നോത്തരിയിൽ എ ഗ്രേഡ് നേടിയ പാറശാല ജിവിഎച്ച്എസ്എസിലെ സുമയ്യ നാസർ.

ഹയർ സെക്കൻഡറി വിഭാഗം ഇംഗ്ലീഷ് പദ്യം ചൊല്ലൽ എ ഗ്രേഡ് നേടിയ തിരുവനന്തപുരം കഴക്കൂട്ടം ഗവ എച്ച്എസ്എസിലെ ശ്രുതി സുന്ദർ.

ഹയർസെക്കൻഡറി വിഭാഗം ഉറുദു കീസ് എ ഗ്രേഡ് നേടിയ തിരുവനന്തപുരം നെടുവേലി ജിഎച്ച്എസ്എസിലെ മുഹമ്മദ് മുഷ്താക്ക്.

എച്ച്എസ് വിഭാഗം സംസ്കൃതം പദ്യം ചൊല്ലൽ, സംസ്കൃതം ഗാനാലാപനം എന്നിവയിൽ എ ഗ്രേഡ് നേടിയ ജനാർദ്ദനപുരം എച്ച്എസിലെ അപർണ കൃഷ്ണ.

ഹയർ സെക്കൻഡറി വിഭാഗം പെൺകുട്ടികളുടെ നാടോടിനൃത്തത്തിൽ എ ഗ്രേഡ് നേടിയ തിരുവനന്തപുരം കടുവയിൽ കെടിസിടി എച്ച്എസ്എസിലെ ആർ. വി.ലക്ഷ്മി.

ഹയർ സെക്കൻഡറി വിഭാഗം പെൺകുട്ടികളുടെ നാടോടി നൃത്തത്തിൽ എ ഗ്രേഡ് നേടിയ തിരുവനന്തപുരം ശാസ്തമംഗലം ആർകെഡി എൻഎസ്എസ് എച്ച്എസ്എസിലെ ജി.എൽ. അമൃതാംബിക.

ഹയർസെക്കൻഡറി വിഭാഗം പെൺകുട്ടികളുടെ നാടോടിനൃത്തത്തിൽ എ ഗ്രേഡ് നേടിയ തിരുവനന്തപുരം നെടുമങ്ങാട് ദർശന എച്ച്എസ്എസിലെ എം.ആർ. അനഘ കൃഷ്ണൻ.

സംഘമായി ഉടയാട കീറി

തിരുവനന്തപുരം● നൃത്തത്തിനു വസ്ത്രം തയ്ക്കുന്നവരേ, ആ പണി അറിയില്ലെങ്കിൽ ആദ്യമേ പറയണം! നൃത്തത്തിന്റെ വസ്ത്രം കീറിയും പറിഞ്ഞും കാലിൽ ചുറ്റിയും കുട്ടികൾ വേദിയിൽ സഹിച്ച പ്രയാസം കണ്ടാൽ നിങ്ങളെ നാട്ടുകാർ കൈവയ്ക്കും. മിന്നുന്ന പ്രകടനം കാഴ്ചവച്ച അഞ്ചു ടീമുകളുടെയെങ്കിലും ഉടയാട കീറി. പലപ്പോഴും കേന്ദ്രസ്ഥാനത്തു നിൽക്കുന്ന വിദ്യാർഥിനികളുടെ വസ്ത്രമാണു കീറിയത്.

ഉടയാട കീറിയെങ്കിലും അതു വകവയ്ക്കാതെ വേദിയിൽ തകർത്താടി മിക്കവരും. എങ്കിലും വേദിയിലെ ഒഫീഷ്യൽസിനും പൊലീസിനും ഒപ്പം കാണികൾക്കും ബിപി കൂടിയ നിമിഷങ്ങളായിരുന്നു. അതിവേഗത്തിലുള്ള കറക്കത്തിൽ, പെട്ടെന്നുള്ള പിടഞ്ഞെണീക്കലിൽ, അവസാനമുള്ള ഫോർമേഷനിലെല്ലാം വസ്ത്രം കാലിൽ ചുറ്റിയപ്പോൾ 'ദൈവമേ... ഒന്നും സംഭവിക്കല്ലേ.!' കാണികൾ എന്നു കണ്ണുചിമ്മുന്നതു കാണാമായിരുന്നു.

ഒപ്പന വീണ്ടെടുക്കുന്നു, പൗച്ച് പോലൊരു കിഴി



തിരുവനന്തപുരം● 'ഇത്താ... ഈ സഞ്ചിയിലെന്താ, മൊബൈൽ ഫോണാ?' ഒപ്പന കഴിഞ്ഞു പുറത്തിറങ്ങിയ തോഴിമാരുടെ അരഞ്ഞാണത്തോടു ചേർന്നു മിന്നുന്ന കുഞ്ഞുസഞ്ചി കണ്ടപ്പോൾ കൊച്ചുകുട്ടി ഒപ്പം കൂടി. 'അല്ല മോളേ, അതിലൊന്നൂല്ല്യ. കാണാൻ ഒരു രസത്തിനു വച്ചതാട്ടോ..'

അണിഞ്ഞൊരുക്കം എല്ലാ കലകൾക്കുമുണ്ടെങ്കിലും ഒപ്പനയിൽ, അത് ഏതാണ്ടു പൂർണമായി നഷ്ടമായ ചില ശീലങ്ങളുടെ വീണ്ടെടുപ്പു കൂടിയാണ്. ഒപ്പനകളിക്കാരുടെയും, ചിലപ്പോൾ മണവാട്ടിയുടെയും അരയിൽ തൂക്കിയിട്ട തിളങ്ങുന്ന കുഞ്ഞുസഞ്ചിക്കുമുണ്ടൊരു മധുവൂറും കഥ. കുഞ്ഞുസഞ്ചിയുടെ ഒറിജിനൽ പേര് 'കിഴി'. പണ്ട് മലബാറിലെ മുസ്‌ലിം സ്ത്രീവേഷത്തിന്റെ ഭാഗമായിരുന്നു. ഭംഗിയായി തുന്നിയൊരുക്കിയ കിഴിക്ക് പല ഉപയോഗം.

പള്ളിക്കൂടത്തിൽ പോകുമ്പോൾ സ്ലേറ്റ് പെൻസിലും മഞ്ചാടിക്കുരുവുമായിരുന്നെങ്കിൽ അൽപ്പം കൂടി മുതിർന്നാൽ പണവും കല്യാണച്ചടങ്ങിനുള്ള 'പണ്ടങ്ങളു'മായിരിക്കും കരുതുക. പ്രായം കൂടിയവരുടെ കിഴിയിൽ അത് വെറ്റിലയും അടക്കയും ചുണ്ണാമ്പും വാസനപ്പുകയിലയുമാണ്. വലിയ തറവാട്ടുവീടുകളിലെ വല്ല്യുമ്മമാർക്കാവട്ടെ, വീടിന്റെയും മറ്റും താക്കോൽക്കൂട്ടം കൊണ്ടുനടക്കാനുള്ള പ്രൗഢിയുടെ പ്രതീകമായിരുന്നു കിഴി. ശീലം വിട്ടുപോയെങ്കിലും കിഴി മൊബൈൽ പൗച്ച് ആയി തിരിച്ചുവന്ന് ന്യൂജനറേഷൻ അരക്കെട്ടിന്റെ ഭാഗമായി.

ഒപ്പനയിലെ വസ്ത്രം ഒരു സെറ്റ് ആയിട്ടാണ് സംഘടിപ്പിക്കുക. വാടകയ്ക്കാണെങ്കിൽ ഒരു ടീമിനുള്ള വസ്ത്രവും ആഭരണങ്ങളുമുൾപ്പെടെ കുറഞ്ഞ നിരക്ക് 8000 രൂപ. കിഴി അതിനൊപ്പം താൽപ്പര്യം പോലെ തിരഞ്ഞെടുക്കാം.

ഹയർ സെക്കൻഡറി വിഭാഗം കുച്ചിപ്പുടി, ഭരതനാട്യം, മോഹിനിയാട്ടം എന്നിവയിൽ എ ഗ്രേഡ് നേടിയ ആറ്റിങ്ങൽ ഗവ. മോഡൽ എച്ച്എസ്എസ് ഫോർ ബോയ്സിലെ പി.എൽ. പാർവതി.

കൂടുതൽ വാർത്തകൾ
www.manoramaonline.com

ഇന്ന് അണിയാം പച്ച

● മൽസരം ഇന്ന് രാവിലെ 11 മുതൽ 2 വരെ വിവിധ വേദികളിൽ

തിരുവനന്തപുരം● നിറങ്ങളിൽ ചാലിച്ചൊരു മൽസരം മലയാള മനോരമ കലാസ്വാദകർക്കായി ഒരുക്കുന്നു. സംസ്ഥാന സ്കൂൾ കലോൽസവം കാണാൻ വേദികളിൽ നിങ്ങളെത്തുമ്പോൾ ഓരോ ദിവസത്തെയും നിറം മുൻകൂട്ടി അറിഞ്ഞ് അണിഞ്ഞൊരുങ്ങി വരിക. ആ നിറമണിഞ്ഞുവരുമ്പോൾ തന്നെ നിങ്ങൾ ഈ ഭാഗ്യമൽസരത്തിൽ ചേർന്നു കഴിഞ്ഞു.

സെക്രട്ടറിയേറ്റിനു സമീപം പുന്നൻ റോഡിൽ പ്രവർത്തിക്കുന്ന ടെക്നോവേൾഡ് ഐടി സ്റ്റോറുമായി ചേർന്നു നടത്തുന്ന ഈ മൽസരത്തിൽ ഡെൽ/എച്ച്പി ലാപ്ടോപ് ബാഗ്, ഡെൽ യുഎസ്ബി 2 സ്റ്റീരിയോ മൾട്ടിമീഡിയ സ്പീക്കർ, ചുരിദാർ സെറ്റ്, ലേഡീസ് ബാഗ്, ഹെൽമറ്റ് തുടങ്ങിയവയാണു ദിവസവും സമ്മാനങ്ങൾ.

ഇന്നത്തെ നിറം പച്ച. നാളെ വയലറ്റ്. നിങ്ങൾ ചെയ്യേണ്ടത് ഇത്രമാത്രം. ഇന്ന് കലോൽസവ വേദികളിൽ പച്ച വസ്ത്രമോ വസ്ത്രത്തോടൊപ്പമുള്ള ആക്സസറീസോ മേയ്ക്കപ്പോ എന്തുമാകാം, അതു നന്നായി ധരിച്ചുവരിക. വേദികളിൽ മനോരമ സംഘമെത്തും. കൂട്ടത്തിലെ ഭാഗ്യശാലികൾക്ക് ആകർഷക സമ്മാനങ്ങൾ.

പുരുഷന്മാർക്കും സ്ത്രീകൾക്കും കുട്ടികൾക്കുമെല്ലാം മൽസരത്തിൽ പങ്കെടുക്കാം. പ്രായത്തിലും നിബന്ധനയില്ല.

TECHNO WORLD
THE IT STORE
COMPUTER | LAPTOP SALES & SERVICE
PUNNEN ROAD, STATUE, THIRUVANANTHAPURAM
PH : 9387800188, LANDLINE : 0471-2320004

നാളത്തെ നിറം വയലറ്റ്